ക്കൂറോളം തടസ്സപ്പെട്ടു. ഉപഗ്രഹങ്ങളുപയോഗിച്ചുള്ള വാർത്താവിതരണത്തിനും താല്ക്കാലികംവിഘ്നമുണ്ടായി. അമേരിക്കയിലും കാനഡയിലും ചില സ്ഥലങ്ങളിൽ വൈദ്യുതിവിതരണം ഒമ്പതു മണിക്കൂറോളം തകരാറിലായി. രണ്ടു രാത്രികളിൽ ധ്രുവപ്രദേശത്തു വർണോജ്ജ്വലമായ ധ്രുവദീപ്തി പ്രത്യക്ഷപ്പെടുകയും ചെയ്തു. സൂര്യനിൽനിന്നു പാഞ്ഞെത്തുന്ന ഉയർന്ന ഊർജമുള്ള ഇലക്ട്രോണുകൾ, ഭൂമിയുടെ കാന്തക്ഷേത്രത്താൽ വ്യതിചലിപ്പിക്കപ്പെട്ട് ധ്രുവപ്രദേശവായുമണ്ഡലത്തിനു മുകളിൽ ചിതറി, അവിടെയുള്ള ഓക്സിജൻ പരമാണുക്കളിൽ ചെന്നടിച്ച്, അവയിൽനിന്നു ചുകപ്പും പച്ചയുമായ വെളിച്ചം പ്രസരിപ്പിക്കുന്നതത്രേ ധ്രുവദീപ്തി എന്ന ഈ പ്രതിഭാസം. മാർച്ച്മാസത്തിൽ രണ്ടു ജ്വാലകൾ കാണപ്പെട്ടതിനുശേഷം, വലുതും ചെറുതുമായ പല സൂര്യജ്വാലകളും ഇതിനകം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

കറുത്ത പുള്ളികൾ സൂര്യമണ്ഡലത്തിൽ കിഴക്കുനിന്നു പടിഞ്ഞാറോട്ടു ജോഡികളായി നീങ്ങുന്നതായാണു കാണപ്പെടുന്നതു്. ചില പുള്ളികൾ ഏതാനും മണിക്കൂറുകൾക്കകം അപ്രത്യക്ഷമാകുന്നു; ചിലവ മാസങ്ങളോളം നിലനില്ക്കുന്നു. പതിനൊന്നു വർഷത്തിലൊരിക്കൽ കറുത്ത പുള്ളികളുടെയും ജ്വാലകളുടെയും എണ്ണം ക്രമത്തിൽ വർദ്ധിക്കുകയും കുറയുകയുംചെയ്യുന്നു. അടുത്ത പതിനൊന്നു വർഷങ്ങളിൽ സൂര്യന്റെ ഉത്തര--ദക്ഷിണ അർദ്ധഗോളങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പുള്ളികളുടെ ധ്രുവസ്വഭാവം (പോളാരിററി) അതിനു മുമ്പിലെ പതിനൊന്നു വർഷങ്ങളിൽ കാണപ്പെട്ട പുള്ളികളുടെ ധ്രുവസ്വഭാവത്തിനു നേരെ എതിരായിരിക്കുമെന്ന ഒരു സവിശേഷതകൂടിയുണ്ട്. ഇതിനാൽ പുള്ളികളുടെ ആവർത്തനകാലം പതിനൊന്നു വഷങ്ങളല്ല, ഇരുപത്തിരണ്ടു വർഷങ്ങളാണെന്നു കരുതുന്നവരുമുണ്ട്.

1989 മാർച്ച് മാസത്തിൽ ആരംഭിച്ച 'സോളാർ മാക്സിമം' എത്രകാലം നീണ്ടുനില്ക്കുമെന്നറിയില്ല. സൂര്യനെ സംബന്ധിച്ച വിശദ പഠനങ്ങൾക്കായി ലോകവ്യാപകമായിത്തന്നെ ഈ അവസരം ഉപയോഗിക്കപ്പെടുന്നുണ്ട്. സൂര്യനെ അപഗ്രഥിക്കുന്നതിലൂടെ പ്രപഞ്ചത്തിലെ അനേകകോടി നക്ഷത്രങ്ങളെക്കുറിച്ചുള്ള അറിവുകൂടി നമുക്കു കൈവരുന്നു. മററു നക്ഷത്രങ്ങൾ, നമ്മളെ സംബന്ധിച്ചിടത്തോളം കാലദേശങ്ങളിൽ എത്രയോ അകന്നു വർത്തിക്കുന്ന പ്രകാശബിന്ദുക്കൾ മാത്രമാകുന്നു. ഒരിടത്തരം നക്ഷത്രമായ സൂര്യനാകട്ടെ, താരതമ്യേന നമ്മുടെ വളരെ അടുത്താണ്; അതിന്റെ ഉള്ളിലേക്ക് എത്തിനോക്കാനുള്ള കഴിവു നമുക്കു കൈവന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രപഞ്ചത്തിലെങ്ങും പ്രവർത്തിക്കുന്ന നിയമങ്ങൾ ഏകരൂപങ്ങളാകയാൽ, സൂര്യനെങ്ങനെയോ അങ്ങനെതന്നെയാണു മററു നക്ഷത്രങ്ങളും എന്നു കരുതുന്നതു് തെററാവുകയുമില്ല.

(മുഖ്യ—ആധാരം: ടൈം വാരിക, 3 ജൂലൈ, 1989)

24 ജൂലൈ, 1989

## 49. മയക്കുമരുന്നുകളുടെ ഭീകരലോകം

മയക്കുമരുന്നുകൾ ഉയർത്തുന്ന വെല്ലുവിളിയെപ്പററി സാമാന്യമായ ബോധം കേരളീയരിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. യുവജനങ്ങൾക്കിടയിൽ പടർന്നുപിടിച്ചുവരുന്ന മയക്കുമരുന്നുപയോഗം തടയുന്നതിനും, മയക്കുമരുന്നുകൾക്ക് അടിമകളായിക്കഴിഞ്ഞവരെ വീണ്ടെടുക്കുന്നതിനുമുള്ള ഏതാനും പ്രസ്ഥാനങ്ങളും സംഘടനകളും നിലവിൽവന്നുകഴിഞ്ഞിരിക്കുന്നു എന്നതു് ആശ്വാസകരമാണ്. ഇതോടൊപ്പം ഈ വിപത്തിന്റെ ആഗോളവ്യാപ്തിയെയും ശക്തിയെയും കുറിച്ചു വസ്തു

നിഷ്ടമായ ധാരണ പൊതുജനങ്ങൾക്കിടയിൽ ഉറപ്പിക്കുവാൻ ഇനിയും വളരെയേറെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

കഞ്ചാവ്, കൊക്കെയ്ൻ, കറുപ്പ് എന്നിവയാണു മയക്കമരുന്നുകളിൽ പ്രധാനപ്പെട്ടവ. മൂന്നും സസ്യോല്പന്നങ്ങളാണ്. പല രൂപത്തിൽ ഇവ ഉപയോഗിക്കപ്പെട്ടുവരുന്നു. കഞ്ചാവ് ഇന്ത്യയിൽ വ്യാപകമായി കൃഷിചെയ്യപ്പെടുന്നുണ്ട്. കേരളത്തിലെ ഇടുക്കി ജില്ലയ്ക്ക് ലോക കഞ്ചാവ് ഭൂപടത്തിൽ സുപ്രധാനമായ സ്ഥാനം കൈവന്നിരിക്കുന്നു. കൊക്കെയ്ൻ നൽകുന്ന കൊക്കോ ചെടി കൂടുതലും കൃഷിചെയ്യപ്പെടുന്നത് തെക്കെ അമേരിക്കയിലാണ്. ഇന്ത്യയുടെ വടക്കുകിഴക്കെ അതിർത്തിയിൽ മ്യാൻമർ (ബർമ), തായ്‌ലാൻഡ്, ലാവോസ്, ചൈന എന്നീ രാജ്യങ്ങളുടെ ഏതാനും പ്രദേശങ്ങൾ ഉൾപ്പെട്ട 'സ്വർണ ത്രികോണ'വും വടക്കുപടിഞ്ഞാറെ അതിർത്തിയിൽ പാകിസ്ഥാൻ, അഫ്ഘാനിസ്ഥാൻ, ഇറാൻ എന്നീ രാജ്യങ്ങളുടെ ഏതാനും പ്രദേശങ്ങൾ ഉൾപ്പെട്ട 'സ്വർണച്ചന്ദ്രക്കല'യും ആണ് കറുപ്പ് നൽകുന്ന പോപ്പിച്ചെടിയുടെ കൃഷിക്കു കേൾവിപ്പെട്ടവ. ഇന്ത്യയിലും ഗണ്യമായ തോതിൽ കറുപ്പ് ഉല്പാദിപ്പിക്കപ്പെടുന്നു.

മയക്കമരുന്നു കൃഷിയുടെയും മയക്കമരുന്നു വ്യാപാരത്തിന്റെയും മുഖ്യമായ ആകർഷണം അതിൽനിന്നു ലഭിക്കാവുന്ന അതിഭീമമായ ലാഭമാണ്. മ്യാൻമറിൽ (ബർമയിൽ)നൂറ്റെഴുപതു ഡോളറിനു കറുപ്പു വാങ്ങി സംസ്കരിച്ച് 'ഹെറോയ്ൻ' എന്ന വെളുത്ത പൊടിയാക്കി അമേരിക്കയിലെയും പടിഞ്ഞാറെ യൂറോപ്പിലെയും നഗരങ്ങളിലെത്തിച്ചാൽ അതിന് ഇരുപതു ലക്ഷം ഡോളർ വിലയായി ലഭിക്കുമത്രെ. കൊക്കെയ്‌ന്റെയും കഞ്ചാവിന്റെയും സ്ഥിതിയും വളരെയൊന്നും വ്യത്യസ്തമല്ല. മുന്നൂറു കിലോ കൊക്കോ ഇലകളിൽനിന്ന് ഒരു കിലോ കൊക്കെയ്ൻ ലഭിക്കും. തെക്കെ അമേരിക്കയിൽനിന്ന് ഒരു ഡോളർ വിലയ്ക്കു വാങ്ങിയ കൊക്കോ ഇലകൾകൊണ്ടു നിർമിച്ച കൊക്കെയ്‌ന് അമേരിക്കൻ ഐക്യനാടുകളിൽ മുന്നൂറ്റിപ്പതിനഞ്ചു ഡോളർ വില കിട്ടാൻ ഒരു പ്രയാസവുമില്ല.

ഇത്രയധികം ലാഭം കിട്ടുമെന്നതിനാൽ, ലോകത്തിലെ കുററവാളിസംഘങ്ങളും ഉഗ്രവാദിസംഘടനകളും മയക്കമരുന്നിന്റെ കള്ളക്കടത്തിലും കച്ചവടത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. ആയുധസന്നാഹങ്ങൾ വില കൊടുക്കാനും മററു ചെലവുകൾക്കുമായി ബാങ്കുകൾ കൊള്ളയിടുന്നതിനെക്കാൾ എത്രയോ എളുപ്പമാണ് മയക്കമരുന്നിന്റെ കള്ളക്കടത്തും കച്ചവടവുമെന്ന് എല്ലാ രാജ്യങ്ങളിലുമുള്ള കുററവാളി–ഉഗ്രവാദി സംഘങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ഉഗ്രവാദികളും മയക്കമരുന്നുകച്ചവടവും തമ്മിലുള്ള ബന്ധം കുറിക്കാൻ 'നാർക്കോ ടെററിസം' (Narco terrorism) എന്ന പുതിയൊരു വാക്ക് ഇംഗ്ളീഷിൽ പ്രചാരത്തിൽവന്നിരിക്കുന്നു.

'സ്വർണ ത്രികോണ'ത്തിൽ ഉല്പാദിപ്പിക്കുന്ന കറുപ്പിൽ ഭൂരിഭാഗവും ബർമയിലാണ് ഉത്ഭവിക്കുന്നത്. അമേരിക്കൻ ഐക്യനാടുകളിൽ ഉപയോഗിക്കപ്പെടുന്ന ഹെറോയ്‌നിൽ മുപ്പതു ശതമാനം ബർമയിലെ ഫാക്ടറികളിൽ നിർമിക്കുന്നതാണത്രെ. കഴിഞ്ഞ ആണ്ടിൽ ബർമയിൽനിന്ന് അറുപത്തഞ്ചു ടൺ ഹെറോയ്ൻ കയററി അയച്ചതായി പറയപ്പെടുന്നു. ഹെറോയ്ൻ സംസ്കരിച്ചെടുക്കുന്നതിനുള്ള ഫാക്ടറികൾ ബർമയിൽ, ഇന്ത്യൻ അതിർത്തിക്ക് അടുത്താണുള്ളത്. ഹെറോയ്ൻ നിർമിക്കാനാവശ്യമായ 'അസെററിക് അൻഹൈഡ്രൈഡ്' എന്ന രാസവസ്തു ഇന്ത്യയിൽനിന്ന് ഇവിടേക്കു കളവായി കടത്തിക്കൊണ്ടുവരുന്നു. ഉണ്ടാക്കിക്കഴിഞ്ഞ ഹെറോയ്ൻ മണിപ്പൂർവഴി ഇന്ത്യയിലൂടെ അമേരിക്കയിലേക്ക് അയയ്ക്കുന്നു. ഇതിൽ കുറെ ഇന്ത്യയിലും ചെലവാകുന്നു. ബർമീസ് ഹെറോയ്ൻ ചൈനയിലും എത്തുന്നുണ്ട്. പക്ഷേ, ചൈനയിൽ ഹെറോയ്ൻ കള്ളക്കടത്തുകാർക്കു മരണശിക്ഷ നൽകാൻ നിയമമുണ്ട്. ബർമയിലെ കേന്ദ്രഗവണ്മെൻറുമായി നിരന്തരസമരം നടത്തിവരുന്ന ബർമീസ് കമ്യൂണിസ്റ്റ്പാർട്ടി, കാചിൻ ഗോത്രവർഗക്കാരുടെയും ഷാൻ ഗോത്രവർഗക്കാരുടെയും കലാപസംഘടനകൾ മുതലായവയുടെ പ്രധാന വരുമാനം ഹെറോയ്ൻ നിർമാണത്തിൽനിന്നും

കള്ളക്കടത്തിൽനിന്നും ഉളവാകുന്നതാണ്. 'ഷാൻ യൂണൈറ്റഡ് ആർമി' എന്ന കലാപസംഘടനയുടെ തലവൻ ഖുൻസാ ആണ് ലോകത്തിലെ ഏറ്റവും വലിയ മയക്കുമരുന്നു വ്യാപാരികളിലൊരാൾ. ഇയാളുടെ കീഴിൽ അഞ്ഞൂറു സ്ഥിരം പട്ടാളക്കാരും പതിനായിരം സഹായികളുമുണ്ട്. ബർമീസ്–തായ്‌ലാൻഡ് അതിർത്തിക്കടുത്താണ് ഖുൻസായുടെ ഹെറോയ്ൻ ഫാക്ടറികൾ. ബർമയിലെ പോപ്പിത്തോട്ടങ്ങളധികവും നിയന്ത്രിക്കുന്നത് ബർമീസ് കമ്യൂണിസ്റ്റ് പാർട്ടിയാകുന്നു. പോപ്പി കർഷകരിൽനിന്നു നിർബന്ധമായി പിരിച്ചെടുക്കുന്ന 'സംരക്ഷണപ്പണം' ആണ് ബർമീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ മുഖ്യ വരുമാനമാർഗം. കറുപ്പ് ഹെറോയ്ൻ ആക്കി മാറ്റാനുള്ള ഫാക്ടറികൾ ബർമീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കീഴിലുമുണ്ട്. റംഗൂണിലുള്ള ബർമീസ് കേന്ദ്രഗവണ്മെന്റിന് ഇവരെ നിയന്ത്രിക്കാൻ കഴിവില്ല.

ആയുധം വാങ്ങാനും മറ്റും ആവശ്യമായ പണത്തിനുവേണ്ടി ശ്രീലങ്കയിലെ തമിഴ് പുലികൾ കാനഡയിലും പടിഞ്ഞാറെ ജർമനിയിലും ഫ്രാൻസിലും ഹെറോയ്ൻ വിറ്റുവരുന്നുണ്ടത്രെ. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഈ രാജ്യങ്ങളിൽ ഇരുനൂറിലേറെ ശ്രീലങ്കൻ തമിഴ് മയക്കുമരുന്നു വ്യാപാരികൾ അറസ്റ്റു ചെയ്യപ്പെട്ടിട്ടുണ്ട്. സ്പെയിനിലും മറ്റു ചില പടിഞ്ഞാറെ യൂറോപ്യൻ രാജ്യങ്ങളിലും ശ്രീലങ്കൻ തമിഴ് മയക്കുമരുന്നു വ്യാപാരികൾ പ്രവർത്തിച്ചുവരുന്നതായി പറയപ്പെടുന്നു.

പഞ്ചാബിലെ ഉഗ്രവാദികൾക്കു മയക്കുമരുന്നു വ്യാപാരവുമായുള്ള ബന്ധം പരസ്യമാണ്. 1984–ൽ 'ബ്ലൂസ്റ്റാർ' ഓപ്പറേഷനുശേഷം അമൃത്സറിലെ സുവർണക്ഷേത്രത്തിൽ കടന്ന ഇന്ത്യൻ പട്ടാളക്കാർ ക്ഷേത്രത്തിനകത്തുനിന്ന് ഒട്ടേറെ ഹെറോയ്നും കഞ്ചാവും (ഹാഷിഷ്) പിടിച്ചെടുത്തു. പാകിസ്ഥാൻ ഉൾപ്പെടെയുള്ള 'സ്വർണച്ചന്ദ്രക്കല'യിൽനിന്ന് മയക്കുമരുന്ന് ഇന്ത്യയിലൂടെ കടത്തിക്കൊണ്ടുപോകുന്നതിന് പാകിസ്ഥാനിൽ പരിശീലനം നേടിയ സിഖ് ഉഗ്രവാദികളുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു ഉഗ്രവാദികൾക്ക് ഇതു വലിയ തോതിൽ പണം നേടിക്കൊടുക്കുകയും ചെയ്യുന്നു. ഇവർക്കു പുറമെ വടക്കുകിഴക്കൻ അതിർത്തിപ്രദേശത്ത് നാഗകലാപകാരികളും മണിപ്പൂരിലെ 'ജനകീയ വിമോചനസേന'യും മയക്കുമരുന്നു കള്ളക്കടത്തിൽ സക്രിയമായ പങ്കു വഹിക്കുന്നതായി പറയപ്പെടുന്നുണ്ട്.

തെക്കെ അമേരിക്കയിൽ, കൊളംബിയ എന്ന രാജ്യമാണു മയക്കുമരുന്നുല്പാദനത്തിൽ മുന്നിട്ടു നിൽക്കുന്നത്. 'മെഡെല്ലിൻ കാർട്ടെൽ' എന്നപേരിൽ അറിയപ്പെടുന്ന ഇവിടത്തെ മയക്കുമരുന്നു വ്യാപാരസ്ഥാപനം കോടിക്കണക്കിനു ഡോളർ വിലയ്ക്കുള്ള കൊക്കെയ്ൻ ഉല്പാദിപ്പിച്ചു വിറ്റുവരുന്നു. കൊളംബിയയിലെ കൊക്കോ–കഞ്ചാവ് കൃഷി നിയന്ത്രിക്കുന്നത് രണ്ടായിരത്തോളം അംഗങ്ങളുള്ള 'റെവല്യൂഷണറി ആംഡ് ഫോഴ്സസ്' എന്ന ഒളിപ്പോർ സംഘടനയാണത്രെ. 'എം–19' എന്ന പേരിൽ അറിയപ്പെടുന്ന മറ്റൊരു രഹസ്യസംഘടനയും കൊളംബിയയിൽ മയക്കുമരുന്ന് ഉല്പാദനത്തിലും കള്ളക്കടത്തിലും വ്യാപൃതമാണ്. 1985–ൽ ഈ സംഘടന കൊളംബിയയിലെ സുപ്രീംകോടതി (പാലസ് ഓഫ് ജസ്റ്റിസ്) ആക്രമിച്ച് പതിനൊന്നു ജഡ്ജിമാരെ കൊല്ലുകയുണ്ടായി. കൊളംബിയയിലെ മയക്കുമരുന്നു കള്ളക്കടത്തുകാരെ അമേരിക്കൻ ഐക്യനാടുകൾക്കുവേണ്ടി വിചാരണചെയ്യ് അങ്ങോട്ട് അയയ്ക്കുന്നതിന് (എക്സ്ട്രഡൈറ്റ്) എതിരായിട്ടായിരുന്നു ഇത്. കൊളംബിയയിലെ മയക്കുമരുന്നു വ്യാപാരികൾ ഇതിനകം എത്രയോ രാഷ്ട്രീയക്കാരെയും ജഡ്ജിമാരെയും പത്രപ്രവർത്തകരെയും പോലീസുകാരെയും പട്ടാളക്കാരെയും കൊന്നൊടുക്കിയിട്ടുണ്ട്. വെള്ളിയോ (കൈക്കൂലി) ഈയമോ (വെടിയുണ്ട) ഏതെങ്കിലുമൊന്നു തിരഞ്ഞെടുക്കാൻ ഇവർ അധികൃതരോട് ആവശ്യപ്പെടുന്നു. ലോകത്തിലെ ഹെറോയ്ൻ വ്യാപാരത്തിന്റെ എൺപതു ശതമാനം നിയന്ത്രിക്കുന്നത് കൊളംബിയക്കാർ ആണത്രെ പെറു, ഹോണ്ടുറാസ്, നികരാഗ്വ, കോസ്റ്ററിക്ക, പാനമ

എന്നീ തെക്കേ അമേരിക്കൻ രാഷ്ട്രങ്ങളിലെ ഭീകര--വിപ്ലവസംഘങ്ങൾക്കും മയക്കുമരുന്നു കച്ചവടവുമായി ഗാഢബന്ധമുണ്ട്. പാനമയിലെ പ്രസിഡണ്ട് നോറിഗസ്സ് മയക്കുമരുന്നു വ്യാപാരത്തിൽ നേരിട്ടു പങ്കാളിത്തമുള്ളതായും പറയപ്പെടുന്നു.

പടിഞ്ഞാറെ ഏഷ്യയിൽ കഞ്ചാവു് (ഹാഷിഷ്) വ്യാപാരത്തിന്റെ ഒരു വലിയ കേന്ദ്രമായിരുന്നു ലെബനോൺ. ഇവിടെ കഞ്ചാവിന്റെ സ്ഥാനം ഇപ്പോൾ കറുപ്പും ഹെറോയ്നും ഏറ്റെടുത്തിരിക്കുന്നു. ലെബനോണിൽനിന്നു് പടിഞ്ഞാറൻ യൂറോപ്പിലേക്കു മയക്കുമരുന്നു കടത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നതു് 'ഹെസ്ബൊള്ള' എന്ന ഷിയ മിലീഷ്യയാണ്. ഈറാൻ ഗവണ്മെന്റിനും ഈ വ്യാപാരത്തിൽ പങ്കുണ്ടത്രെ. സിറിയയാണു സർക്കാർ തലത്തിൽ മയക്കുമരുന്നു വ്യാപാരം പ്രോത്സാഹിപ്പിക്കുന്ന മറ്റൊരു രാഷ്ട്രം. ഈ വ്യാപാരത്തിൽ നിന്നുള്ള ലാഭം പല ഉഗ്രവാദി സംഘടനകൾക്കു സഹായം നൽകാൻ ഉപയോഗപ്പെടുന്നു. അമേരിക്കയിൽ പാർത്തു് കാസ്ട്രോവിന്റെ ക്യൂബക്കെതിരായി അട്ടിമറിപ്പണികൾ നടത്തിപ്പോന്ന 'ഒമേഗ 7' എന്ന ഉഗ്രവാദി സംഘടനയ്ക്കു മയക്കുമരുന്നു വ്യാപാരവുമായുള്ള ബന്ധം പിന്നീടു കണ്ടുപിടിക്കപ്പെടുകയുണ്ടായി.

സമാന്തരദിശകളിൽ പ്രവർത്തിക്കുന്ന മയക്കുമരുന്നു വ്യാപാരത്തിനും ഉഗ്രവാദത്തിനും പല തലങ്ങളിൽ പരസ്പരബന്ധമുണ്ട്. ഉഗ്രവാദികൾ മയക്കുമരുന്നു കള്ളക്കടത്തുകാർക്കും കച്ചവടക്കാർക്കും സംരക്ഷണം നൽകുന്നു. മയക്കുമരുന്നു വ്യാപാരികളുടെ പണം ഉഗ്രവാദികൾക്കു് ആവശ്യമുള്ള ആയുധങ്ങളും മറ്റും ലഭ്യമാക്കുന്നു. അന്താരാഷ്ട്രീയതലത്തിലല്ലാതെ ഒരൊറ്റ രാഷ്ട്രത്തിനകത്തുവെച്ചു് ഈ രണ്ടു വിപത്തുകളോടും പൊരുതുക അസാധ്യമാകുന്നു. അസംസ്കൃതങ്ങളായ മയക്കുമരുന്നുകൾ ഉല്പാദിപ്പിക്കുന്നതു് ദരിദ്രരാഷ്ട്രങ്ങളാണെങ്കിൽ അവയെ സംസ്കരിച്ചു് വിപണനത്തിനു തയ്യാറാക്കുന്നതിനാവശ്യമായ യന്ത്രസംവിധാനങ്ങളും രാസവസ്തുക്കളും സങ്കേതവിദ്യയും നൽകുന്നതു് സമ്പന്നരാഷ്ട്രങ്ങളത്രെ. ലോകവ്യാപകമായ സഹകരണത്തിലൂടെ കാര്യക്ഷമമായും നിർദാക്ഷിണ്യമായും അടിച്ചമർത്തപ്പെടുന്നില്ലെങ്കിൽ മയക്കുമരുന്നു വ്യാപാരം മനുഷ്യവർഗത്തിന്റെ മുമ്പിൽ വലിയൊരു ഭീഷണിയായി ദീർഘകാലം നിലനിൽക്കാനാണു സാദ്ധ്യത. എല്ലാ രാജ്യങ്ങളിലുമുള്ള ഉഗ്രവാദങ്ങൾക്കും വിഘടനവാദങ്ങൾക്കും മയക്കുമരുന്നുവ്യാപാരം വലിയൊരു താങ്ങ് ആയിരിക്കുമെന്നു പ്രത്യേകിച്ചു പറയേണ്ടതുമില്ല.

31 ആഗസ്റ്റ്, 1989

# 50. എയ്ഡ്സ് രോഗം

'എയ്ഡ്സ്' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ആർജിത–രോഗപ്രതിരോധശക്തിക്ഷയ-ലക്ഷണസാകല്യം (അക്വയേർഡ് ഇമ്യൂണോ ഡെഫിഷ്യൻസി സിൻഡ്രോം) ആദ്യമായി വൈദ്യശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ ആകർഷിച്ചതു് 1981–ാം മാണ്ടിൽ ആയിരുന്നു. ആ ആണ്ടിൽ അമേരിക്കയിൽ ലോസ് ആഞ്ജലസ്സിലെ എം. എസ്. ഗോട്ട്ലീബ്, ന്യൂയോർക്കിലെ ഫ്രീഡ്മാൻ കീൻ എന്നീ ഗവേഷകന്മാർ ഈ അസാധാരണ രോഗത്തിന്റെ ലക്ഷണങ്ങൾ വിവരിക്കുകയും അന്യഥാ ആരോഗ്യവാന്മാരായിരുന്ന പുംഭോഗശീലരിലാണു് ഈ രോഗം കണ്ടുവരുന്നതെന്നു പ്രസ്താവിക്കുകയുംചെയ്തു.

എട്ടു വർഷങ്ങൾക്കുശേഷം ഈയിടെ ലോക ആരോഗ്യ സംഘടന (ഡബ്ല്യു. എച്ച്. ഒ.) വെളിപ്പെടുത്തിയിട്ടുള്ളതു് 142 രാജ്യങ്ങളിലായി രണ്ടു ലക്ഷം ആളുകളെങ്കിലും ഇപ്പോൾ എയ്ഡ്സ് രോഗബാധിതരാണെന്നാണ്. എയ്ഡ്സ് രോഗാണു ശരീരത്തിൽ കടന്നാലും ഏതാനും വർഷങ്ങൾ കഴിഞ്ഞേ സാധാരണ